സ്റ്റേറ്റ് വിജിലൻസ് കമ്മീഷൻ

188 (7751) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റേറ്റ് വിജിലൻസ് കമ്മീഷൻ രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) സംസ്ഥാനത്തെ അഴിമതിയും അഴിമതിക്കാരായ ഉദ്യോഗസ്ഥർ പ്രധാന സ്ഥാനങ്ങളിൽ വരുന്നതും തടയാൻ എന്തെല്ലാം കാര്യങ്ങളാണ് കമ്മീഷന്റെ പ്രവർത്തനത്തിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ-ഡി) കേന്ദ്ര വിജിലൻസ് കമ്മീഷന്റെ മാതൃകയിൽ സംസ്ഥാന വിജിലൻസ് കമ്മീഷന്റെ രൂപീകരണം സംബന്ധിച്ച് കരട് മാതൃകാ ബിൽ കേന്ദ്ര സർക്കാർ അയച്ചുതരികയുണ്ടായി. പ്രസ്തുത ബിൽ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള കമ്മിറ്റിയുടെ പരിശോധനയിലാണ്.

ജയിൽ ചട്ടങ്ങളുടെ പരിഷ്ക്കരണം

189 (7752) ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജയിൽ ചട്ടങ്ങൾ പരിഷ്ക്കരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത ചട്ടങ്ങളിൽ എന്തെല്ലാം പരിഷ്ക്കാരങ്ങളാണ് വരുത്തിയിട്ടുള്ളത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ജയിലുകളുടെ നവീകരണത്തിന് എന്തെല്ലാം നിർദ്ദേശങ്ങളാണ് ചട്ടങ്ങളിൽ വരുത്തിയിട്ടുള്ളത് ; വിശദമാക്കുമോ ;

(ഡി) പ്രസ്തുത ചട്ടങ്ങൾക്ക് എന്നുമുതലാണ് പ്രാബല്യമുള്ളത് ; വിശദാംശങ്ങൾ എന്തെല്ലാം ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2010-ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) ആക്ടിന്റെ അടിസ്ഥാനത്തിൽ പുതിയ ചട്ടങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ബി & സി) ജയിൽ ചട്ടങ്ങളുടെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

(ഡി) എസ്.ആർ.ഒ നമ്പർ 310/2014 ആയി 23-5-2014-ൽ പ്രസ്തുത ചട്ടങ്ങൾ ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

തടവുകാരെ നിരീക്ഷിക്കുന്നതിന് കർമ്മപരിപാടി

190 (7753) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. വർക്കല കഹാർ :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തടവുകാരെ നിരീക്ഷിക്കുന്നതിന് എന്തെല്ലാം കർമ്മപരിപാടികളാണ് തയ്യാറാക്കിയിരിക്കുന്നത് ; വിശദമാക്കുമോ ;

(ബി) ഇതിനായി സെല്ലുകളിൽ സി.സി.ടി.വി. ക്യാമറകൾ സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദാംശങ്ങൾ നൽകാമോ ;

(സി) സന്ദർശകരെയും തടവുകാരെയും നിരീക്ഷിക്കാൻ എന്തെല്ലാം സംവിധാനങ്ങൾ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട് ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-ഡി) തടവുകാരെ എല്ലായ്പ്പോഴും നിരീക്ഷിക്കുന്നതിനായി എല്ലാ ജയിലുകളിലും ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിനുപുറമെ ആറ് ജയിലുകളിൽ സി.സി.ടി.വി. സർവെയ്ലൻസ് സംവിധാനം ഇതിനോടകം സ്ഥാപിച്ചിട്ടുണ്ട്. ഈ ജയിലുകളിൽ സന്ദർശകരേയും തടവുകാരേയും നിരീക്ഷിക്കുന്നതിനായി സന്ദർശന മുറികളിലും തടവുകാരുടെ സെല്ലുകളിലും സി.സി.ടി.വി. ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. ടി ജയിലുകളിൽ ക്യാമറകളിൽ നിന്നും ലഭിക്കുന്ന ദൃശ്യങ്ങൾ പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനായി പരിശീലനം സിദ്ധിച്ച ഉദ്യോഗസ്ഥരെ സി.സി.റ്റി.വി. കൺട്രോൾ റൂമുകളിൽ നിയോഗിച്ചിട്ടുണ്ട്. ബന്ധപ്പെട്ട സൂപ്രണ്ടുമാരും സി.സി.ടി.വി ക്യാമറകളിൽനിന്നും ലഭിക്കുന്ന ദൃശ്യങ്ങൾ പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. കൂടുതൽ ജയിലുകളിൽ ഈ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly